# മഹാത്മാഗാന്ധി സർവ്വകലാശാല

83374/AC A1-3/2021/REG SECT 18.06.2021 പി.ഡി ഹിൽസ്

## പരിപത്രം

**വിഷയം : കോവിഡ് 19 -ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഭാഗികമായി മാത്രം പിൻവലിച്ച സാഹചര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ/പഠനവകുപ്പുകൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ 2021-22 അക്കാദമിക വർഷത്തെ പ്രവർത്തനം - അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച് :-**

**സൂചന** : 1. 16.06.2021 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള ഉത്തരവ് നമ്പർ:സ.ഉ.793/ 2021/ഉ.വി.വ.

2. 31.05.2021 തീയതിലെ സർവകലാശാല പരിപത്രം നമ്പർ:83374/ACA1-3/2021/REG SECT.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ/ പഠനവകുപ്പുകൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ 2021-22 അധ്യയന വർഷത്തെ ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്, സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഭാഗികമായി മാത്രം പിൻവലിച്ച സാഹചര്യത്തിൽ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു..

1.കോളേജുകളിലെ അധ്യയനം 2021 ജൂൺ 1 ന് മുതൽ ആരംഭിച്ച സാഹചര്യത്തിലും, ലോക്ക് ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഭാഗികമായി നിലനിൽക്കുന്ന സാഹചര്യത്തിലും അദ്ധ്യാപകർ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിലവിലുള്ള രീതിയിൽ തന്നെ Work From Home ആയി ജോലിയിൽ തുടർന്നാൽ മതിയാവും.

2.പരീക്ഷാ ചുമതലയോ പ്രിൻസിപ്പൽമാർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലയോ നിർവ്വഹിക്കേണ്ട അദ്ധ്യാപകർ ചുമതലയുള്ള ദിവസങ്ങളിൽ സ്ഥാപനങ്ങളിൽ കൃത്യമായി ഹാജരാകേണ്ടതാണ്.

3.കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർ സർക്കാർ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാകേണ്ടതും, പരീക്ഷാ ജോലികൾ നിർവ്വഹിക്കേണ്ട അനദ്ധ്യാപക ജീവനക്കാർ പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ കോളേജുകളിൽ ഹാജരായി ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

ഒപ്പ്/-

കാഞ്ചന എൻ. നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1(അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി

Draft #5 of File 83374/AC A1-3/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jun-2021 02:59 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

പകർപ്പ് :

1. അഫിലിയേറ്റഡ് കോളേജുകൾ /പഠനവകുപ്പുകൾ / സെന്ററുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക്)
5. ഐ.ക്യൂ .എ.സി/എ.സി.സി.1/ എ.സി.സി.2/ റെക്കോർഡ്സ് സെക്ഷൻ
6. പി.ആർ.ഒ സെക്ഷൻ /കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 83374/AC A1-3/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jun-2021 02:59 PM - Page 2